ജലീലിനെതിരെ തെളിവുകളുള്ളവർ കോടതിയെ സമീപിക്കട്ടെയെന്ന് കോടിയേരി

തിരുവനന്തപുരം: ബന്ധു നിയമന വിവാദത്തിൽ മന്ത്രി ജലീലിനെതിരെ തെളിവുകളുള്ളവർ കോടതിയെ സമീപിക്കട്ടെയെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ജലീലിനും പി.കെ. ശശിക്കുമെതിരായ ആരോപണങ്ങളെല്ലാം പാർട്ടി പരിശോധിക്കും.

ഇടുക്കിയിൽ നേരിയ ഭൂചലനം

ചെറുതോണി: ഇടുക്കിയിൽ ഇന്നലെ പുലർച്ചെ 4.17 ന് നേരിയ ഭൂചലനം അനുഭവപ്പെട്ടു. റിക്ടർ സ്കെയിലിൽ 2.2 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം വാഗമണ്ണിനടുത്ത് ഉള്ള പൂണിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഇടുക്കി, കുളമാവ്, ആലടി, വള്ളക്കടവ്, ചോറ്റുപാറ എന്നിവിടങ്ങളിലെ ഭൂകമ്പമാപിനികളിൽ ഭൂചലനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി റിസർവ്വോയറിൽ ഇതിന്റെ പ്രതിഫലനം ഒന്നും ഇല്ലെന്നും ആശങ്കപ്പെടേണ്ടതില്ലെന്നും വൈദ്യുതി ബോർഡ് അധികൃതർ പറഞ്ഞു.

ശബരിമല ഒരുക്കങ്ങൾ: ബോർഡ് യോഗം ഇന്ന്

തിരുവനന്തപുരം: ശബരിമലയിൽ മണ്ഡല മകരവിളക്ക് ഒരുക്കങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ ദേവസ്വം ബോർഡ് ഇന്ന് യോഗം ചേരും. എന്നാൽ വിവാദപരമായ മറ്റു വിഷയങ്ങൾ ഇന്ന് പരിഗണിക്കാനിടയില്ല.

സ്ത്രീ പ്രവേശനപ്രശ്നത്തിൽ സുപ്രീംകോടതി 13 ന് റിട്ട് പരിഗണിക്കുമ്പോൾ സ്വീകരിക്കേണ്ട നിലപാടുകളിലും തീരുമാനമായില്ല. കോടതി ആവശ്യപ്പെട്ടാൽമാത്ര മേബോർഡിന് തങ്ങളുടെ നിലപാട് വ്യക്തമാക്കേണ്ടതുള്ളൂ. ഇതിന് സാവകാശവും കിട്ടും. നിയമവിദഗ്ദരുമായി എല്ലാ വശങ്ങളും ആലോചിച്ച് തീരുമാനിച്ചാൽമതിയെന്നാണ് ബോർഡിന്റെ നിലപാട്.

ആചാരലംഘനമുണ്ടായാൽ ശ്രീകോവിൽ അടച്ചിടുമെന്ന തന്ത്രിയുടെ വിവാദ പരാമർശത്തിൽ ദേവസ്വംബോർഡ് വിശദീകരണം ചോദിച്ചിരുന്നു. ഇതിന് മറുപടി നൽകാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. ഇന്നലെവൈകിട്ട് വരെ തന്ത്രി വിശദീകരണമൊന്നും നൽകിയിട്ടില്ല. ടെൻഡറുമായി ബന്ധപ്പെട്ട കാര്യങ്ങളാവും പ്രധാനമായി ഇന്ന് ചർച്ചചെയ്യുക. ടെൻഡറെടുത്ത ചിലർ ഒഴിവാക്കണമെന്ന ആവശ്യവുമായി സമീപിച്ചിട്ടുണ്ട്. ലേലത്തുക കുറച്ചുകിട്ടാനുള്ള തന്ത്രത്തിന്റെ ഭാഗമാണിതെന്നാണ് ബോർഡിന്റെ നിലപാട്. കാണിക്കവരവിൽ കുറവ് വന്നതാണ് ബോർഡിനെ ആശങ്കയിലാക്കുന്ന പ്രധാന പ്രശ്നം. ശബരിമലയിലെ ക്രമീകരണങ്ങളെക്കുറിച്ച് വിവിധ വകുപ്പുമേധാവികളുമായി ചീഫ്സെക്രട്ടറി ഇന്നലെ ചർച്ചനടത്തി. അവസാനവട്ട വിലയിരുത്തലിന് 13 ന് മുഖ്യമന്ത്രി ഹൈപവർ കമ്മിറ്റി വിളിച്ചിട്ടുണ്ട്.

ഡി.വൈ.എഫ്.ഐക്ക് പുതിയ നേതൃനിര വരും

തിരുവനന്തപുരം: ഡി.വൈ.എഫ്.ഐയിൽ അംഗമായി തുടരുന്നതിന് 37 വയസ് പരിധി കർശനമാക്കാൻ സി.പി.എം കേന്ദ്രകമ്മിറ്റി യംഗം എം.വി. ഗോവിന്ദന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന ഡി.വൈ.എഫ്.ഐ ഫ്രാക്ഷൻ യോഗം തീരുമാനിച്ചു. ഇതോടെ നിലവിലെ സംസ്ഥാന നേതാക്കളായ എം. സ്വരാജും എ.എൻ. ഷംസീറുമടക്കം നാല്പതോളം പേർ സംഘടനയിൽ നിന്ന് ഒഴിവാകും. പുതിയസംസ്ഥാനനേതൃത്വത്തിലേക്ക് പ്രതീക്ഷിച്ചിരുന്ന എ.എ. റഹീം, നിതിൻ കണിച്ചേരി, എസ്. സതീഷ്, വി.പി. റജീന തുടങ്ങിയവരെല്ലാം ഒഴിവായി പുതിയ നേതൃനിര വരാനാണ് സാദ്ധ്യത.

വിവാദ പ്രസംഗം: ശ്രീധരൻ പിള്ളക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസ്

കോഴിക്കോട്: വിവാദ പ്രസംഗത്തിന്റെ പേരിൽ ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.എസ് ശ്രീധരൻ പിള്ളയ്ക്കെതിരെ കസബ പൊലീസ് ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസ് എടുത്തു. നന്മണ്ട സ്വദേശിയായ ഷൈബിൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കോടതിയുടെ അനുമതിയോടെ 505 (1) ബി വകുപ്പ് പ്രകാരമാണ് ഇന്നലെ കേസ് എടുത്തതെന്ന് കസബ പൊലീസ് ഇൻസ്പെക്ടർ പറഞ്ഞു.

മതവികാരം ഇളക്കി വിട്ടെന്നും തന്ത്രിയേയും പ്രവർത്തകരെയും കോടതിയലക്ഷ്യത്തിന് പ്രേരിപ്പിച്ചുവെന്നും ആരോപിച്ചാണ് ഷൈബിൻ പരാതി നൽകിയത്.

കോഴിക്കോട്ട് യുവമോർച്ച സംസ്ഥാന സമിതി യോഗത്തിന്റെ ഉദ്ഘാടന വേളയിലാണ് ശ്രീധരൻ പിള്ള വിവാദ പ്രസംഗം നടത്തിയത്. ശബരിമല ബി.ജെ.പിക്ക് ഒരു സുവർണ്ണാവസരമാണെന്നും നമ്മൾ വച്ച കെണിയിൽ ഓരോരുത്തരായി വീണെന്നും പ്രസംഗത്തിൽ പറഞ്ഞിരുന്നു. ശബരിമലയിൽ ആചാരലംഘനമുണ്ടായാൽ നട അടച്ചിടുമെന്ന് പ്രഖ്യാപിക്കും മുമ്പ് തന്ത്രി തന്നോട് നിയമോപദേശം തേടിയതായും കോടതിയലക്ഷ്യം നിലനിൽക്കില്ലെന്ന് നിയമോപദേശം നൽകിയതായും ശ്രീധരൻ പിള്ള പറഞ്ഞിരുന്നു.

സാലറി ചലഞ്ച്: കേസ് ഫയൽ ചെയ്തു

തിരുവനന്തപുരം: സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധി നടപ്പിലാക്കാത്ത സർക്കാർ നടപടിയെ ചോദ്യം ചെയ്ത് ചീഫ് സെക്രട്ടറിക്കും, ധനകാര്യവകുപ്പ്സെക്രട്ടറിയ്ക്കുമെതിരെ കേരള എൻ.ജി.ഒ.സംഘ് ഹൈക്കോടതിയിൽ കോടതിയലക്ഷ്യകേസ് ഫയൽ ചെയ്തു.

എം.കെ. ബാലകൃഷ്ണൻ

ഗിറ്റാറിൽ ഗീത വായിക്കുന്നത് സുപ്രീംകോടതി അഭിഭാഷകൻ

പ്രത്യേക ലേഖകൻ

കണ്ണൂർ: സുപ്രീംകോടതിയിലെത്തിയാൽ സ്വാമി ബാലകൃഷ്ണ ഗീതാനന്ദ് ഉശിരൻ അഭിഭാഷകനാണ്. വക്കീൽ കുപ്പായം അഴിച്ചുവച്ചാലോ? നല്ല പാട്ടുകാരൻ. ഇപ്പോളിതാ, ഗിറ്റാർ തന്ത്രികളിൽ ഗീതാശ്ലോകങ്ങൾ മീട്ടി പുതിയ പാട്ടുസഞ്ചാരം തീർക്കുകയാണ് ഗീതാനന്ദ്. ഗിന്നസ് ബുക്കിൽ കയറിപ്പറ്റാനല്ല, ആത്മനിർവൃതിക്കായുള്ള ഉദ്യമം മാത്രം.

കണ്ണൂർ കല്യാശേരി കീച്ചേരി സ്വദേശിയാണ് ഗിറ്റാർ ബാബ എന്നറിയപ്പെടുന്ന ഗീതാനന്ദ്. 1974 ൽ ഗിറ്റാർ പഠിച്ചുതുടങ്ങി. 1985ൽ കണ്ണൂർ പൊലീസ് മൈതാനത്ത് ഭഗവത് ഗീതയുടെ പതിനഞ്ചാം അദ്ധ്യായത്തെക്കുറിച്ച് ചിന്മയമിഷന്റെ പരിപാടി നടന്നിരുന്നു. ഇതോടെയാണ് ഭഗവത് ഗീത തന്നെ സ്വാധീനിച്ചതെന്ന് ബാബ പറഞ്ഞു. സുപ്രീംകോടതിയിലും യോഗദിനത്തിൽ അമേരിക്കയിലും ഭഗവത് ഗീത ഗിറ്റാറിൽ വായിച്ചു.

പാപ്പിനിശേരി റെയിൽവേ സ്റ്റേഷൻ മാസ്റ്ററായിരുന്ന അന്തരിച്ച ജഫ്രിമാൻസലിൽ നിന്നാണ് ഗിറ്റാർ പഠിച്ചത്. ഗിറ്റാറിൽ പാടാൻ പ്രേരിപ്പിച്ചത് ഡൽഹി ചിന്മയമിഷന്റെ ചീഫായിരുന്ന സ്വാമി നിഖിലാനന്ദ സരസ്വതി. ഭഗവത് ഗീതയുടെ അർത്ഥം പറഞ്ഞതിനുശേഷമാണ് ഗിറ്റാറുപയോഗിച്ച് പാടുന്നത്. നിലവിൽ ഋഷികേശിലെ നിത്യാനന്ദ ആശ്രമത്തിലാണ് താമസിക്കുന്നത്. വിദേശികളടക്കം നിരവധിപേർ ഗീതാപാരായണം ആസ്വദിക്കാൻ എത്തുന്നുണ്ട്. സുപ്രീംകോടതി അറ്റോർണി ജനറൽ കെ.കെ. വേണുഗോപാലിന്റെ കീഴിലാണ് വക്കീലായി പ്രാക്ടീസ് ചെയ്തിരുന്നത്.

സംഗീതം രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ളതാണ്. തനിക്കിത് വിനോദമാണ്. ആരെങ്കിലും പഠിക്കാനായി വന്നാൽ പഠിപ്പിച്ചുകൊടുക്കാൻ മടിയില്ലെന്നും 66 കാരനായ ബാബ പറയുന്നു. നാളെ രാവിലെ 10 മുതൽ കണ്ണൂർ അഴീക്കോട്ടുള്ള പുതിയ മുണ്ടയാട് ക്ഷേത്രത്തിൽ പരിപാടി അവതരിപ്പിക്കാനുള്ള ഒരുക്കത്തിലാണ് ഗിറ്റാർ ബാബ.

ഗിറ്റാറിൽ മുഴങ്ങുന്നത്

ഭഗവത്ഗീതയിൽ 18 അദ്ധ്യായങ്ങളിലായി 700 ശ്ലോകങ്ങളാണുള്ളത്. അതിൽ ഗീതാധ്യാനമെന്ന 72 ശ്ലോകങ്ങൾ അടങ്ങിയ രണ്ടാം അദ്ധ്യായവും 42 ശ്ലോകങ്ങൾ അടങ്ങിയ നാലാം അദ്ധ്യായവും 42 ശ്ലോകങ്ങൾ അടങ്ങിയ പത്താം അദ്ധ്യായവും 20 ശ്ലോകങ്ങൾ അടങ്ങിയ 12,15 അദ്ധ്യായങ്ങളും ഗീതാ ആരതി എന്ന അവസാന ഭാഗവും ഗീതാനന്ദ് ഗിറ്റാറിൽ പാടും.



ശബരിമല യുവതീ പ്രവേശന വിധി ആൾക്കൂട്ടത്തിന്റെ അതിക്രമത്തിന് ന്യായീകരണമില്ല: ഹൈക്കോടതി

നിയമകാര്യലേഖകൻ

കൊച്ചി : ശബരിമലയിലെ ആൾക്കൂട്ടത്തിന്റെ അതിക്രമങ്ങൾ ന്യായീകരിക്കാനാവില്ലെന്നും വൻതോതിലുണ്ടായ നാശനഷ്ടങ്ങൾ അക്രമത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നതാണെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു. അതിക്രമങ്ങളിൽ ആൾക്കൂട്ടത്തിലെ ഒരാൾക്കുപോലും പരിക്കേറ്റതായി റിപ്പോർട്ടില്ലെന്നും സിംഗിൾബെഞ്ച് ചൂണ്ടിക്കാട്ടി.

ശബരിമലയിലെ അക്രമങ്ങളുമായി ബന്ധപ്പെട്ട കേസിൽ അറസ്റ്റിലായ 17-ാം പ്രതി തൃപ്പൂണിത്തുറ സ്വദേശി ഗോവിന്ദ് മധുസൂദനന്റെ ജാമ്യാപേക്ഷ തള്ളിയാണ് ഹൈക്കോടതി ഇക്കാര്യം വ്യക്തമാക്കിയത്.

പൊതുമുതൽ നശിപ്പിച്ച വകയിൽ 16.78 ലക്ഷം രൂപയുടെയും കാമറയും സ്വകാര്യ വാഹനങ്ങളുടക്കം നശിപ്പിച്ച വകയിൽ 15.5 ലക്ഷം രൂപയുടെയും നഷ്ടമുണ്ടായിട്ടുണ്ട്. അന്വേഷണം പുരോഗമിക്കുകയാണെന്നും 25 പേരെ മാത്രമാണ് അറസ്റ്റ് ചെയ്തതെന്നും രേഖകളിൽ നിന്ന് വ്യക്തമാണ്. അന്വേഷണം പ്രാരംഭഘട്ടത്തിലായതിനാൽ ഇടപെടാനാവില്ലെന്നും സിംഗിൾബെഞ്ചിന്റെ വിധിയിൽ പറയുന്നു.

അക്രമങ്ങളെത്തുടർന്ന് ഒക്ടോബർ 25 നാണ് ഗോവിന്ദ് മധുസൂദനനെ പൊലീസ് അറസ്റ്റുചെയ്തത്. നിലയ്ക്കലിൽ നിന്ന് പമ്പയ്ക്ക് പോകാൻ ബസ് കാത്തുനിൽക്കുമ്പോഴാണ് അക്രമമുണ്ടായതെന്നും പൊലീസും ചില സംഘങ്ങളും തമ്മിൽ കല്ലേറും സംഘർഷവും ഉണ്ടായെന്നും ഹർജിക്കാരൻ ആരോപിച്ചു.

ശബരിമലയിൽ സുപ്രീംകോടതി വിധിക്കെതിരായ പ്രതിഷേധമാണ് നടന്നതെന്നും പൊലീസിനെയും ഭക്തരെയും മാദ്ധ്യമപ്രവർത്തകരെയും ഇവർ ആക്രമിച്ചെന്നും പ്രോസിക്യൂഷൻ വാദിച്ചു. സുപ്രീംകോടതി വിധി നടപ്പാക്കാനാണ് പൊലീസ് ശ്രമിച്ചത്. കെ.എസ്.ആർ.ടി.സി ബസുകൾക്കും പൊലീസ് വാഹനങ്ങൾക്കും നേരെ അക്രമമുണ്ടായി. അക്രമികൾ സമാധാനാന്തരീക്ഷം തകർക്കാൻ ശ്രമിക്കുമെന്നും അതു ചെറുക്കാൻ നടപടി വേണമെന്നും കേന്ദ്ര സർക്കാർ കേരളം ഉൾപ്പെടെ മൂന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. ആൾക്കൂട്ടത്തിൽ ഒരു വിഭാഗത്തെ നയിച്ചത് ഹർജിക്കാരനാണ്.

കല്ലെറിയാനും ആൾക്കൂട്ടത്തെ പ്രകോപിപ്പിക്കാനും ഇയാൾ ഉണ്ടായിരുന്നു. സംഘത്തിലെ ചിലർ ടവൽ ഉപയോഗിച്ച് മുഖം മറച്ചിരുന്നു . ടവർ ലൊക്കേഷൻ രേഖകൾ പരിശോധിച്ചാൽ സംഭവസമയത്ത് ഇയാൾ നിലയ്ക്കലിൽ ഉണ്ടായിരുന്നെന്ന് വ്യക്തമാണെന്നും പ്രോസിക്യൂഷൻ വ്യക്തമാക്കി.

രാവിലെ പത്തുമുതൽ ഉച്ചക്ക് രണ്ടുവരെ നിലയ്ക്കലിൽ ഉണ്ടായിരുന്നെന്നുംവൈകിട്ട് അഞ്ചരയോടെ 150 കിലോമീറ്റർ അകലെയുള്ള തൃപ്പൂണിത്തുറയിലെ വീട്ടിലെത്തിയെന്ന ഹർജിക്കാരന്റെ വാദം തെറ്റാണെന്ന് രേഖകളിൽ വ്യക്തമാണെന്ന് ഹൈക്കോടതിയും വിലയിരുത്തി.

നശിപ്പിച്ച വാഹനങ്ങൾ

പൊലീസ് ബസുകൾ - 2	കെഎസ്ആർടിസിബസുകൾ-12
പൊലീസ് കാർ - 1	മാദ്ധ്യമങ്ങളുടെ വാഹനങ്ങൾ - 3
പൊലീസ് വാഹനങ്ങൾ - 4	കാമറകൾ - 3

പരിക്കേറ്റ പൊലീസുകാർ - 14

ആകെ നഷ്ടം : 32.28 ലക്ഷം രൂപ

സന്നിധാനത്തെ പ്രതിഷേധക്കാരെ കുരുക്കാൻ പൊലീസ് നീക്കം

എം. ബിജുമോഹൻ

പത്തനംതിട്ട: ചിത്തിര ആട്ട വിശേഷത്തിന് സന്നിധാനത്ത് തമ്പടിച്ച പ്രതിഷേധക്കാരെ കണ്ടെത്താൻ പൊലീസ് നടപടി തുടങ്ങി. നട തുറന്ന തിങ്കൾവൈകിട്ട് മുതൽ ചൊവ്വവൈകിട്ടു വരെ ഒരേസമയം രണ്ടായിരത്തോളം പ്രതിഷേധക്കാർ സന്നിധാനത്ത് ഉണ്ടായിരുന്നുവെന്നാണ് പൊലീസ് കരുതുന്നത്. ഇവരെ കണ്ടെത്താൻ രണ്ടുമാർഗങ്ങളാണ് തേടുന്നത്. നിലയ്ക്കൽ സംഘർഷത്തിൽ ഉൾപ്പെട്ടവരെ തിരിച്ചറിയുന്നതിന് തയ്യാറാക്കിയ ഫോട്ടോ ആൽബം മാതൃകയാണ് ആദ്യത്തേത്.

തിങ്കളും ചൊവ്വയുമായി നിലയ്ക്കലിൽ 435 സ്വകാര്യ വാഹനങ്ങളിൽ ആളുകൾ എത്തിയിരുന്നു. ചിത്തിര ആട്ടത്തിന് ശബരിമലയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും സ്വകാര്യ വാഹനങ്ങൾ എത്തിയത്. വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകൾ പൊലീസ് ശേഖരിച്ചിരുന്നു. ഇതിൽ 153 വാഹന ഉടമകളെ തിരിച്ചറിഞ്ഞിട്ടുണ്ട്. നിലയ്ക്കലിൽ എത്തിയവർ കെ.എസ്.ആർ.ടി.സി ബസുകളിലാണ് പമ്പയ്ക്ക് പോയത്.

പാലക്കാട്, കണ്ണൂർ, കോഴിക്കോട്, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ നിന്നുള്ളവരാണ് നിലയ്ക്കലിൽ സ്വകാര്യ വാഹനങ്ങളിലെത്തിയത്. ഇതിൽ സംഘപരിവാർ പ്രവർത്തകരുടെ ഉടമസ്ഥതയിലുള്ളതോ, അവർ വാടകയ്ക്ക് എടുത്തതോ ആണ് കൂടുതലും എന്നാണ് നിഗമനം.

ഉടമകളെയും വാടകയ്ക്ക് എടുത്തവരെയും ചോദ്യം ചെയ്യാൽ സന്നിധാനത്ത് തമ്പടിച്ചവരെ കണ്ടെത്താൻ കഴിയുമെന്നാണ് പൊലീസിന്റെ പ്രതീക്ഷ.

കേരളത്തിലെ കോൺഗ്രസിന്റെ നേതാവ് അമിത് ഷാ: പിണറായി

തൃശ്ശൂർ: ശബരിമലയിലെ യുവതീ പ്രവേശനത്തെ അനുകൂലിച്ച രാഹുൽഗാന്ധിയുടെ നിലപാട് വ്യക്തിപരമാണെന്ന് പറഞ്ഞ് തള്ളിയ കേരളത്തിലെ കോൺഗ്രസ് നേതാക്കൾ അവരുടെ നേതാവ് അമിത്ഷാ ആണെന്ന് പറഞ്ഞുവയ്ക്കുകയായിരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശബരിമല പ്രശ്നത്തെ ചൊല്ലി കോൺഗ്രസിന്റെയും ബി.ജെ.പിയുടെയും യാത്രകൾ എവിടെ ഒന്നാകുമെന്ന് മാത്രമേ ഇനി കാണേണ്ടതുള്ളൂവെന്ന് അദ്ദേഹം പരിഹസിച്ചു.

ശബരിമല വിഷയത്തിൽ ഇടതുമുന്നണിയുടെ രാഷ്ട്രീയ വിശദീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു പിണറായി. കോൺഗ്രസിന് അധഃപതനം സംഭവിച്ചിരിക്കുന്നു. ആർജ്ജവമുണ്ടെങ്കിൽ ശ്രീധരൻ പിള്ളയുടെ പ്രസംഗത്തിനെതിരെ കോൺഗ്രസിലെ ഒരാളെങ്കിലും മറുപടി പറയുമായിരുന്നു. കോൺഗ്രസിലെ ജാഥ നയിക്കുന്നവരുടെ കാര്യവും രസകരമാണ്. ഒരാൾ ബി.ജെ.പി വരെ എത്തിയിട്ട് വന്നയാളാണ്.

കേരളത്തിന്റെ മതനിരപേക്ഷ കേന്ദ്രം കൂടിയാണ് ശബരിമല. ഇതിനെ തകർക്കുന്നത് ആർ.എസ്.എസ്ആണ്. ആളെകൊല്ലാൻ വരെ പ്രത്യേക പരിശീലനം നേടിയ ക്രിമിനൽ സംഘത്തെയാണ് ആർ.എസ്.എസ് ശബരിമലയിൽ എത്തിച്ചത്. പൊലീസിനെയും മാദ്ധ്യമങ്ങളെയും അവർ ആക്രമിച്ചു.

പൊലീസ് അനിതര സാധാരണമായ സമചിത്തതയാണ് അവിടെ പാലിച്ചത്. ശബരിമലയിലെ ശാന്തിയും സമാധാനവും തകർത്ത് കലാപഭൂമിയാക്കുക എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. വിശ്വാസികളെ എൽ.ഡി.എഫിൽ നിന്നും അകറ്റി നിറുത്താനുള്ള ശ്രമങ്ങൾ നടക്കില്ല. പുനഃപരിശോധനാ ഹർജി നൽകാത്തത് പറഞ്ഞ വാക്കിന് വിലയുള്ളതു കൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു.

ശശിക്കെതിരെ കേന്ദ്രനേതൃത്വത്തിന് വീണ്ടും വനിതാ നേതാവിന്റെ പരാതി

ന്യൂഡൽഹി: ഷൊർണൂർ എം.എൽ.എ പി.കെ. ശശിക്കെതിരെ നൽകിയ മാനഭംഗ പരാതി അന്വേഷിക്കാൻ പാർട്ടി നിയോഗിച്ച കമ്മിഷനിൽ സംശയമുണ്ടെന്നും തന്നെ പ്രലോഭിപ്പിച്ച് പരാതി പിൻവലിപ്പിക്കാൻ ശ്രമിക്കുന്നതായും ഡി.വൈ.എഫ്.ഐ വനിതാ നേതാവ് സി.പി.എം കേന്ദ്രനേതൃത്വത്തിന് വീണ്ടും പരാതി നൽകി. ആരോപണത്തിന് തെളിവായി പി.കെ. ശശി നടത്തിയ സംഭാഷണത്തിന്റെ ഓഡിയോ ഫയലും നൽകിയിട്ടുണ്ട്. ആഗസ്റ്റിൽ നൽകിയ പരാതിയിൽ നടപടി നീളുന്നത് ചൂണ്ടിക്കാട്ടി വനിതാ നേതാവ് മുൻപും കേന്ദ്ര നേതൃത്വത്തിന് കത്തയച്ചിരുന്നു.

രണ്ട് കേന്ദ്ര കമ്മിറ്റി അംഗങ്ങൾ അടങ്ങിയ അന്വേഷണ കമ്മിഷൻ തന്റെയും പി.കെ. ശശിയുടെയും പക്കൽ നിന്ന് തെളിവെടുത്തതല്ലാതെ തീരുമാനമൊന്നുമായില്ലെന്ന് പരാതിയിൽ പറയുന്നു. അതേസമയം അടുത്ത കാലത്തുണ്ടായ ചില സംഭവവികാസങ്ങൾ അന്വേഷണത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്കയും സംശയവും ഉണ്ടാക്കുന്നു. പാർട്ടി നേതൃത്വത്തിന്റെ വിശ്വാസ്യതയെയും അത് ചോദ്യം ചെയ്യുന്നു. അന്വേഷണ കമ്മിഷന്റെ തെളിവെടുപ്പിനുശേഷം കെ.ജി.ഒ.എസെക്രട്ടറി ഡോ. നാസർ പരാതി പിൻവലിക്കാൻ നിർബന്ധിച്ചു. പകരം നിരവധി ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്തു. തനിക്ക് നീതി ലഭിക്കാനും പ്രവർത്തകർക്ക് പാർട്ടി നേതൃത്വത്തിലുള്ള വിശ്വാസ്യത നിലനിറുത്താനും അന്വേഷണ റിപ്പോർട്ട് ഉടൻ പുറത്തുവിടണമെന്നും അതിനുള്ള ഇടപെടൽ നടത്തണമെന്നും വനിതാ നേതാവ് പരാതിയിൽ ആവശ്യപ്പെട്ടു.

ശബരിമല മതേതരത്വത്തിന്റെ പ്രതീകം : തുഷാർ വെള്ളാപ്പള്ളി

കാസർകോട്: ശബരിമല സംരക്ഷണ രഥയാത്ര പത്തനംതിട്ടയിൽ സമാപിക്കുന്നതോടെ ചരിത്രപരമായ മാറ്റങ്ങൾക്ക് ഈ നാട് സാക്ഷ്യം വഹിക്കാൻപോവുകയാണെന്ന് ബി.ഡി.ജെ.എസ് സംസ്ഥാന പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി പറഞ്ഞു. എൻ.ഡി.എയുടെ നേതൃത്വത്തിലുള്ള ശബരിമല സംരക്ഷണ രഥയാത്രയുടെ ഉദ്ഘാടനച്ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ജാതി മത ചിന്തകൾ തീണ്ടാതെ വിശ്വാസികൾ ദർശനം നടത്തുന്ന ശബരിമല മതേതരത്വത്തിന്റെ ഉദാത്തമായ പ്രതീകമാണ്.

രഥയാത്ര ഹിന്ദുവിന്റെ വിശ്വാസം സംരക്ഷിക്കാനുള്ള യാത്രയാണെന്ന വ്യാഖ്യാനം തെറ്റിദ്ധരിപ്പിക്കുന്നതാണ്. എല്ലാ വിഭാഗം ജനങ്ങളും ദർശനത്തിനെത്തുന്ന പവിത്രമായ ഇടമാണ് ശബരിമല. അയ്യപ്പന്റെ പൂങ്കാവനത്തിൽ യുവതികൾക്കു വിലക്ക് പാടില്ലെന്ന സുപ്രീംകോടതി വിധി വന്നപ്പോൾ അത് എത്രയും പെട്ടെന്നു നടപ്പാക്കാനായിരുന്നു പിണറായി സർക്കാരിന്റെ തീരുമാനം. സർക്കാരിന്റെ അനാവശ്യ തിടുക്കമാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണമായത്. ആരോടും കൂടിയാലോചന നടത്താൻ പോലും മുതിരാതെ തിടുക്കത്തിൽ വിധി നടപ്പാക്കാൻ ശ്രമിച്ചത് എന്തിനായിരുന്നു? തുഷാർ ചോദിച്ചു

എൻ.ഡി.എയുടെ നേതൃത്വത്തിലുള്ള ശബരിമല സംരക്ഷണ രഥയാത്രയുടെ ഉദ്ഘാടനച്ചടങ്ങിൽ ബി.ഡി.ജെ.എസ് സംസ്ഥാന പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി പ്രസംഗിക്കുന്നു

സി.പി.എമ്മിന് ഇനി ഏറെ ആയുസില്ല: പി.എസ്. ശ്രീധരൻ പിള്ള

കാസർകോട്: വീണുകിട്ടിയ വിധിയുടെ ബലത്തിൽ ഈശ്വരവിശ്വാസം ഇല്ലാതാക്കാനാണ് ഇടതുപക്ഷ സർക്കാരിന്റെ ശ്രമമെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് അഡ്വ. പി.എസ്. ശ്രീധരൻപിള്ള പറഞ്ഞു. ശബരിമല സംരക്ഷണ രഥയാത്രയുടെ ഉദ്ഘാടനച്ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സുപ്രീംകോടതി വിധി തിടുക്കത്തിൽ നടപ്പാക്കാൻ ഇറങ്ങിപ്പുറപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന് വിനാശകാലേ വിപരീത ബുദ്ധി എന്നേ പറയാനാവൂ.

വിഷാദരോഗത്തിന്റെ പിടിയിലാണിപ്പോൾ പിണറായിയുടെ പാർട്ടി. ഏറെ വൈകാതെ സി.പി.എമ്മിന്റെ കഥ കഴിയും. അധികാരത്തിൽ കയറിയപ്പോഴൊക്കെ ശബരിമല തകർക്കാൻ ശ്രമിച്ചതിന്റെ ചരിത്രമാണ് സി.പി.എമ്മിന്റേത്. അയ്യപ്പന്റെ വിഗ്രഹം കത്തിച്ചാമ്പലായി എന്നു കോടതിയിൽ സത്യവാങ്മൂലം നൽകിയത് നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്. ഇപ്പോൾ പിണറായി സർക്കാരും ആ വഴിയുടെ തുടർച്ചയിലാണ്. ഈ നീക്കത്തെ എത്രവില കൊടുത്തും ചെറുത്തുതോല്പിക്കുമെന്നും ശ്രീധരൻ പിള്ള പറഞ്ഞു.

രഥയാത്രയ്ക്ക് നേരെ കല്ലേറ്

ചെറുവത്തൂർ (കാസർകോട്): എൻ.ഡി.എയുടെ നേതൃത്വത്തിലുള്ള ശബരിമല സംരക്ഷണ രഥയാത്രയ്ക്ക് നേരെ കാലിക്കടവിൽ കല്ലേറുണ്ടായത് നേരിയ സംഘർഷാവസ്ഥയ്ക്കിടയാക്കി. കണ്ണൂർ - കാസർകോട് ജില്ലാ അതിർത്തിയിൽ ഇന്നലെ വൈകിട്ട് ആറരക്കഴിഞ്ഞതോടെയായിരുന്നു സംഭവം. ആർക്കും പരിക്കില്ല. വാഹനങ്ങൾക്കും കേടുപാടൊന്നുമില്ല.

യാത്രയെ വരവേൽക്കാൻ കണ്ണൂർ ജില്ലയിൽ നിന്നുള്ള നൂറോളം പ്രവർത്തകർ അഞ്ചു മണിയോടെ തന്നെ കാലിക്കടവിൽ എത്തിയിരുന്നു. ഇവർ ദേശീയപാതയിൽ ഗതാഗതതടസ്സം ഉണ്ടാക്കുകയാണെന്നു ആരോപിച്ച് ഒരു സംഘം സി.പി.എം പ്രവർത്തകർ പ്രതിഷേധമുയർത്തി. പൊലീസ് ഇടപെട്ട് സ്ഥിതിഗതികൾ ശാന്തമാക്കിയതിനിടയിലാണ് രഥയാത്ര കടന്നുവന്നത്. അതോടെ സി.പി.എം പ്രവർത്തകർ സർക്കാരിനെ അനുകൂലിച്ച മുദ്യാവാക്യം ഉയർത്തി. അനിഷ്ടസംഭവങ്ങളൊഴിവാക്കാൻ പൊലീസ് ശ്രമിക്കുന്നതിനിടയായിരുന്നു കല്ലേറ്. യാത്ര നിറുത്